# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി

**17.12.2014 ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം വൈകുന്നേരം 3.30 മണിക്ക് ബഹു. ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അസംബ്ലി മന്ദിരത്തിലെ 624-ാം നമ്പർ കോൺഫറൻസ് ഹാളിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.12.2014-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 **പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം ഇതുവരെ ആകെ 1672.77.കോടി രൂപ ചെലവഴിച്ചു. ഗ്രാമപഞ്ചായത്തുകൾ 962.90 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് 26.49 ശതമാനമാണ്. മുൻവർഷം ഇതേ കാലയളവിൽ ചെലവ് ശതമാനം 34.5 ആയിരുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ 207.63 കോടി രൂപയും (43.2 ശതമാനം, മുൻവർഷം 45.6ശതമാനം), ജില്ലാ പഞ്ചായത്തുകൾ 275.46കോടി രൂപയും (23 ശതമാനം മുൻവർഷം 21ശതമാനം) ചെലവഴിച്ചു. മുനിസിപ്പാലിറ്റികൾ 145.44കോടി രൂപയും (25.6 ശതമാനം, മുൻ വർഷം 24.2 ശതമാനം), കോർപ്പറേഷനുകൾ 81.13കോടി രൂപയും (19.2ശതമാനം, മുൻ വർഷം 21 ശതമാനം) ആണ് ചെലവഴിച്ചത്.

2.2 തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് മുൻവർഷങ്ങളിലേത് അപേക്ഷിച്ച് കുറയുന്നതായി യോഗം വിലയിരുത്തി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കാര്യമായ പുരോഗതി ഇല്ല എന്നു കണ്ടെത്തിയതിനാൽ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ അടിയന്തിരമായി എഞ്ചിനീയർമാരുടെ യോഗം വിളിച്ച് ചേർത്ത് പ്രവർത്തനം വിലയിരുത്താൻ നിർദ്ദേശിച്ചു.

2.3 സ്പിൽഓവർ പ്രോജക്ടിൽ കാര്യമായ പുരോഗതി ഉള്ളതായി യോഗം വിലയിരുത്തി. പഞ്ചായത്ത് തലത്തിൽ 12279 പദ്ധതികളിൽ 5049 എണ്ണം പൂർത്തിയായതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. 556 പഞ്ചായത്തുകളിൽ ഇ-ടെണ്ടർ നടപടികൾ പൂർത്തിയായതായും അറിയിച്ചു.

2.4 ഗുണഭോക്തൃസമിതി വഴി നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ ഡിസംബർ 31-ന് മുൻപായി ഗുണഭോക്തൃ സമിതിയുമായി കരാർ വയ്ക്കേണ്ടതാണെന്ന് നിർദ്ദേശം നൽകി തീരുമാനിച്ചു

2.5 10.12.2014 തീയതിയിലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ഇടമലക്കുടി പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സിമെന്റ് കമ്പി തുടങ്ങിയവ തലച്ചുമടായി എത്തിക്കുന്നതിന് നിലവിൽ 10 രൂപ 50 പൈസ എന്നുള്ളത് എ.ഇ.ഒയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 20 രൂപയായി ഉയർത്തുന്നതിന് തീരുമാനിച്ചു.

2.6 വിവധ പഞ്ചായത്ത് മുഖേന നടപ്പിലാക്കിയിരുന്ന വിവധ ഭവന പദ്ധതികളിൽ ഭാഗികമായോ, പൂർണ്ണമായോ തുക കൈപ്പറ്റിയശേഷം വീടു പണി പൂർത്തിയാക്കാത്ത കേസുകളുടെ വിശദ വിവരങ്ങൾ ശേഖരിക്കാൻ കോഓർഡിനേഷൻ കമ്മിറ്റി മുൻപെടുത്ത തീരുമാനപ്രകാരമുള്ള വിവരശേഖരണം എത്രയും പെട്ടെന്ന് പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.73531/ഡി.ബി3/14/തസ്വഭവ)**

ജില്ലാതല നിർഭയ കോഓർഡിനേറ്റർമാർക്ക് 12 മാസവും ഹോണറേറിയം നൽകുന്നത് സംബന്ധിച്ചും ജാഗ്രത സമിതി കൺവീനർമാരായ ഐ.സി. ഡി.എസ് സൂപ്പർവൈസർമാർക്ക് പ്രൊബേഷൻ ഓഫീസർ മുഖേന പരിശീലനം നൽകുന്നത് സംബന്ധിച്ചും സാമൂഹ്യനീതി ഡയറക്ടറോട് വശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കണ്ണൂർ ജില്ലാ പഞ്ചായത്ത് ( ഫയൽ നം. 75524/ഡി.ബി.3/14)**

മയ്യിൽ ക്ഷീര സഹകരണ സംഘത്തിന് വാഹനം വാങ്ങി നൽകുന്നത് പദ്ധതി മാർഗരേഖയക്ക് വിരുദ്ധമായതിനാൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 അഖിലേന്ത്യാ കാർഷിക മേള (ബഹു. പട്ടികവർഗ ക്ഷേമ വകുപ്പുമന്ത്രി പി.കെ. ജയലക്ഷ്മിയുടെ കുറിപ്പ് (ഫയൽ നം. ഇ 86422/ഡി.ഡി.3/14/തസ്വഭവ**

മാനന്തവാടിയിൽ 2014 ഡിസംബർ അവസാനം സംഘടിപ്പിക്കുന്ന അഖിലേന്ത്യാ കാർഷിക മേളയ്ക്ക് വയനാട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ സംഭാവന നൽകുന്നത് സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ചിതറ ഗ്രാമപഞ്ചായത്ത്**

മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് കുടുംബക്ഷേമ ഉപകേന്ദ്രത്തിന് കെട്ടിടം നിർമ്മിക്കാനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 73477/ഡി.എ2/14/തസ്വഭവ**

കോഴിക്കൂടിന്റെയും ആട്ടിൻ കൂടിന്റെയും നിർമ്മാണ പ്രോജക്ടുകൾ അംഗീകരിക്കാവുന്നതല്ലെന്നും, ആശ്രയ വസ്ത്ര വിതരണം അനുവദിക്കാവുന്നതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം72467/ഡി.ഡി.2/14/തസ്വഭവ**

പത്താംതരം തുല്യതാ പഠിതാക്കൾക്കായുള്ള പരീക്ഷാ ഫീസ് പ്ലാൻ ഫണ്ടിൽ നിന്ന് അടയ്ക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 ആര്യാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 74776/ഡി.എ1/14/തസ്വഭവ)** 2014-15 പാലിയേറ്റീവ് കെയർ വഴി മാനസിക രോഗികളുടെ സംരക്ഷണത്തിന് സൈക്യാട്രിക് മരുന്നുകൾ വാങ്ങുന്നത് ആശുപത്രി മുഖേന മാത്രമേ വാങ്ങാൻ പാടുള്ളൂ എന്ന നിബന്ധനയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 ഓച്ചിറ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 88328/ഡി.ഡി.2/14/2014/തസ്വഭവ)**

ഐ.എ.വൈ പദ്ധതി പ്രകാരം വീട് പണിയാൻ ആരംഭിച്ചതിൽ പണി പൂർത്തീകരിക്കാത്തവയുടെ ഓരോ ഘട്ടവും ഉൾപ്പെടെയുള്ള യഥാർത്ഥ വിവരങ്ങൾ ലഭ്യമാക്കാനും, ഈ ഇനത്തിൽ നീക്കിയിരുപ്പ് തുകയുടെ വ്യക്തമായ കണക്കുകൾ ഹാജരാക്കാനും ഗ്രാമവികസന കമ്മീഷണറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 താനൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.ഇ–90109 /ഡി.ഡി.2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കാൻസർ, പരാലിസിസ് എന്നീ രോഗങ്ങൾ ബാധിച്ച് ശയ്യാവലംബികളായി കിടക്കുന്ന രോഗികൾക്ക് ആവശ്യമായ ആതുര സേവനവും മരുന്നു നൽകുന്നത്. സി.എച്ച്.സി വഴി മാത്രം നടപ്പാക്കണമെന്നും, ഡയാലിസിസ് സൗകര്യമുള്ള ആശുപത്രികൾ ഉണ്ടെങ്കിൽ അതുവഴി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പാക്കണം എന്നുമുള്ള വ്യവസ്ഥയോടെ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.ഇ–78764 /ഡി.ഡി.2/14/തസ്വഭവ)**

2014–15 ജില്ലാതല അപ്പലേറ്റ് കമ്മിറ്റി നിരസിച്ച അടൂർ നീന്തൽക്കുളം പദ്ധതിക്ക് അനുമതി ആവശ്യപ്പെട്ടിരുന്നത് സംയുക്ത പ്രോജക്ടായി ഗ്രാമപഞ്ചായത്ത് വഴി നടപ്പാക്കണം എന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 പുതുപ്പാടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.9039 /ഡി.ബി3/14/തസ്വഭവ)**

2012–13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിന്റെ ആവശ്യത്തി ലേയ്ക്ക് ടൂവീലർ വാങ്ങുന്നത് അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 പൊന്മള ഗ്രാമപഞ്ചായത്ത്**

ഗ്രാമപഞ്ചായത്തിലെ ക്ലബുകൾക്ക് സ്പോർട്സ് കിറ്റുകൾ വിതരണം നടത്തുന്ന തിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തൊടിയൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 92577/ഡി.എ3/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകൾക്ക് സ്പെയർ പാർട്സ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് 19.11.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി ഇനം 2.5 ആയും 03.12.2014–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം ഇനം 2.5 ആയും തീരുമാനിച്ചിട്ടുണ്ടെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 മലപ്പുറം ബ്ലോക്ക് പഞ്ചായത്ത്**

മലപ്പുറം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ കോഡൂർ ഗ്രാമപഞ്ചായത്തിൽ കാലംപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് 2014–15, 2015–16 വർഷത്തിൽ പ്ലാൻ ഫണ്ടിൽ നിന്ന് 20 ലക്ഷം രൂപ വീതം അടവാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 ബഹു.എം.എൽ.എ ശ്രീ.കോടിയേരി ബാലകൃഷ്ണൻ മുഖാന്തിരം സമർപ്പിച്ചത്.**
**(ഫയൽ നം 76590/എഫ്.എം.2/14/തസ്വഭവ)**

തലശ്ശേരി ജനറൽ ആശുപത്രിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് തലശ്ശേരി താലൂക്കിലെ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളും/മുനിസിപ്പാലിറ്റികളും സംഭാവന നൽകുന്നത് തനത് ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ ആയിരിക്കണമെന്ന വ്യവസ്ഥയിൽ അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.95574 /ഡി.ഡി2/14/തസ്വഭവ)**

സഞ്ചരിക്കുന്ന ആതുരാലയം പദ്ധതി (സ്നേഹപഥം) 2015–16 വർഷവും നടപ്പാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 ളാലം ബ്ലോക്ക്  പഞ്ചായത്ത് (ഫയൽ നം. 95534/ഡി.ഡി.2/14)**

സോളാർ ലൈറ്റുകൾ സ്ഥാപിക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 92427/ഡി.ഡി.2/14/തസ്വഭവ)**

കല്ലൂർക്കാട് പി.എച്ച്.സി.യുടെ ജെറിയാട്രിക് വാർഡ് നിർമ്മാണത്തിന് ബി.പി.എ.1 അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഉപയോഗിക്കുന്നതിന് വകുപ്പുതല തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു. (നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കോന്നി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 93058/ഡി.ഡി.2/14/തസ്വഭവ)**

അംഗൻവാടി കളിലെ ശിശുക്കൾക്ക് സ്നേഹം കിടക്ക വിതരണം ചെയ്യുന്ന പദ്ധതി സാമൂഹ്യ നീതി വകുപ്പിൽ നിന്നും, എം.എൽ.എ ഫണ്ടിൽ നിന്നും നടപ്പാക്കി വരുന്നു. ഇരട്ടിപ്പ് വരാതെ ബ്ലോക്ക് പഞ്ചായത്ത് കിടക്കകൾ വിതരണം ചെയ്യുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്ത് (ഫയൽ നം. 75827/എഫ്.എം.3/14/തസ്വഭവ**

നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വകമാറ്റുന്നതിനുള്ള ആവശ്യം നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 നൊച്ചാട് ഗ്രാമ പഞ്ചായത്ത് (ഫയൽ നം ഇ90245/ഡി.എ.2/14/തസ്വഭവ**

2014–15 വാർഷിക പദ്ധതിയിലുൾപ്പെടുത്തി "സമഗ്ര ആരോഗ്യ സാക്ഷരതാ ഗ്രാമം" പദ്ധതിയുടെ നടത്തിപ്പിന് തനത് ഫണ്ടിൽ നിന്നും ചെലവാക്കാൻ അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 93216/ഡി.ഡി2/14/തസ്വഭവ)**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആശുപത്രികൾക്ക് മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും മരുന്ന് വാങ്ങുന്നതിന് ഇൻവോയ്സ് അടിസ്ഥാനത്തിൽ ട്രഷറിയിൽ നിന്നും ബില്ലുമാറി കൊടുക്കുന്നത് സംബന്ധിച്ച് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 വയലാർ ഗ്രാമപഞ്ചായത്ത് (ബഹു. എം.എൽ.എ ശ്രീ. ഇ. തിലോത്തമൻ മുഖേന സമർപ്പിച്ചത് (ഫയൽ നം. 39101/എഫ്.എം.3/14/2014/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ എസ്.സി. വിഭാഗങ്ങൾക്കുള്ള സൗജന്യ കുടിവെള്ള പദ്ധതി കണക്ഷൻ കൊടുക്കുന്നതിന് വാട്ടർ അതോറിട്ടിയിൽ മുൻകൂർ പണം അടയ്ക്കാൻ അനുമതി ആവശ്യപ്പെട്ടത് പ്രത്യേക കേസായി അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

ജില്ലാ പഞ്ചായത്തിന്റെ ഫിലിം ഫെസ്റ്റിവൽ, സാംസ്ക്കാരിക കലാ സമ്മേളനം പ്രതിഭകളെ ആദരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളുള്ള പ്രോജക്ടിന് തനത് ഫണ്ടിൽ നിന്ന് അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 ചുനക്കര ഗ്രാമപഞ്ചായത്ത്  (ഫയൽ നം 76183/ഡി.എ3/14/തസ്വഭവ)**

കേടായ ഹൈമാസ്റ്റ് ലൈറ്റ് പ്രവർത്തനക്ഷമമാക്കുന്നതിന് അനുമതി ആവശ്യപ്പെട്ടത് പ്രത്യേക കേസായി അനുവദിക്കാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 എരുവേശ്ശി ഗ്രാമപഞ്ചായത്ത്**

നിലവിലുള്ള ജീപ്പ് ലേലം ചെയ്യുന്നതിന് ശേഷം പുതിയത് വാങ്ങാൻ അനുമതി ആവശ്യപ്പെട്ടത് അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം വൈകുന്നേരം 5.30***ന്*** അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2014 ഡിസംബർ 24ന് രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ കൂടുന്നതിന് തീരുമാനിച്ചു.***

********